**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2745** **13-02-2024 - ൽ മറുപടിയ്ക്ക്**

**കർഷകരിൽ നിന്നും വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത് ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ കെ.എസ്.ഇ.ബി. ചേർപ്പ് സെക്ഷനു കീഴിൽ, 2022 ജൂൺ മാസം വരെ സൗജന്യമായി കാർഷിക ആവശ്യത്തിന് വൈദ്യുതി ലഭിച്ചിരുന്ന, കൺസ്യൂമർ നമ്പർ 1156397013722 ആയിട്ടുള്ള ശ്രീ. വിജയൻ വി.എം., വാക്കേപ്പറമ്പ് മഠം, വല്ലച്ചിറ-യ്ക്ക് ജൂലൈ 2022 മുതൽ ഇളവ് പൂർണ്ണമായും റദ്ദ് ചെയ്ത് വൈദ്യുതി ചാർജ്ജ്, സർചാർജ്ജ്, കുടിശ്ശിക എന്നിവ അടയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുന്നതു മൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഇരുപത്തിയഞ്ച് സെന്റ് പുരയിടത്തിൽ കൃഷി ചെയ്തു വരുന്ന പ്രസ്തുത കർഷകനോട് സർചാർജ്ജ്, കുടിശ്ശിക എന്നിവ അടയ്ക്കാൻ ആവശ്യപ്പെടുന്നതും വൈദ്യുതി വിച്ഛേദിക്കുന്നതും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതും, ടി സേവനങ്ങൾക്കായി ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്ന തുക/ വൈദ്യുതി ചാർജ്ജ് എന്നിവ നിശ്ചയിക്കുന്നതും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്.<br><br>കൃഷി വകുപ്പ് അംഗീകരിച്ചിട്ടുള്ള കർഷകർ ഉപയോഗിച്ച വൈദ്യുതിക്കുള്ള ചാർജ് മാത്രമാണ് (കർഷകൻ നേരിട്ട് അടയ്ക്കാതെ) കൃഷി ഭവൻ മുഖേന അടയ്ക്കുന്നത്. കൃഷി ഭവൻ അധികൃതർ പുതുക്കി നൽകിയ സൗജന്യ വൈദ്യുതി അനുവദിച്ച കർഷകരുടെ ലിസ്റ്റിൽ ശ്രീ വിജയൻ.വി.എം. ഉൾപ്പെടാത്തതിനാൽ ടിയാൻ പണം അടയ്ക്കാൻ ബാധ്യസ്ഥനാണ്. ഉപഭോക്താവ് ഉപയോഗിച്ച വൈദ്യുതിക്ക് KSEBL തയ്യാറാക്കി നൽകിയ ബില്ല് നിശ്ചിത സമയത്തിനുള്ളിൽ ഒടുക്കിയില്ലെങ്കിൽ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 പ്രകാരമുള്ള ഡിസ്കണക്ഷൻ ഉൾപ്പെടെയുള്ള തുടർ നടപടികൾ KSEBL-ന് സ്വീകരിക്കേണ്ടി വരുന്നു.<br><br>01.04.2022 മുതൽ കർഷകർക്കുള്ള സൗജന്യ വൈദ്യുതിക്ക് DBT (ഡയറക്റ്റ് ബെനിഫിഷ്യറി ട്രാൻസ്ഫർ) സംവിധാനം നടപ്പാക്കിയിട്ടുള്ളതിനാൽ |

| | | | |
|---|---|---|---|
| | | | വൈദ്യുതിക്കുള്ള തുക നേരിട്ട് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്നു. ആയതിനാൽ സോഫ്റ്റ് വെയറിൽ മാറ്റം വരുത്തേണ്ട ആവശ്യമുള്ളതായി കാണുന്നില്ല. |
| (സി) | ഇപ്രകാരം കർഷകരിൽ നിന്നും സർചാർജ്ജും കുടിശ്ശികയും ആവശ്യപ്പെടുന്നത് ഒഴിവാക്കുന്നതിന് ഇതിനായുള്ള സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതും, ടി സേവനങ്ങൾക്കായി ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്ന തുക/ വൈദ്യുതി ചാർജ്ജ് എന്നിവ നിശ്ചയിക്കുന്നതും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്.<br><br>കൃഷി വകുപ്പ് അംഗീകരിച്ചിട്ടുള്ള കർഷകർ ഉപയോഗിച്ച വൈദ്യുതിക്കുള്ള ചാർജ് മാത്രമാണ് (കർഷകൻ നേരിട്ട് അടയ്ക്കാതെ) കൃഷി ഭവൻ മുഖേന അടയ്ക്കുന്നത്. കൃഷി ഭവൻ അധികൃതർ പുതുക്കി നൽകിയ സൗജന്യ വൈദ്യുതി അനുവദിച്ച കർഷകരുടെ ലിസ്റ്റിൽ ശ്രീ വിജയൻ.വി.എം. ഉൾപ്പെടാത്തതിനാൽ ടിയാൻ പണം അടയ്ക്കാൻ ബാധ്യസ്ഥനാണ്. ഉപഭോക്താവ് ഉപയോഗിച്ച വൈദ്യുതിക്ക് KSEBL തയ്യാറാക്കി നൽകിയ ബില്ല് നിശ്ചിത സമയത്തിനുള്ളിൽ ഒടുക്കിയില്ലെങ്കിൽ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ്, 2014 പ്രകാരമുള്ള ഡിസ്കണക്ഷൻ ഉൾപ്പെടെയുള്ള തുടർ നടപടികൾ KSEBL-ന് സ്വീകരിക്കേണ്ടി വരുന്നു.<br><br>01.04.2022 മുതൽ കർഷകർക്കുള്ള സൗജന്യ വൈദ്യുതിക്ക് DBT (ഡയറക്റ്റ് ബെനിഫിഷ്യറി ട്രാൻസ്ഫർ) സംവിധാനം നടപ്പാക്കിയിട്ടുള്ളതിനാൽ വൈദ്യുതിക്കുള്ള തുക നേരിട്ട് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്നു. ആയതിനാൽ സോഫ്റ്റ് വെയറിൽ മാറ്റം വരുത്തേണ്ട ആവശ്യമുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ